## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 482** **09-07-2024 - ൽ മറുപടിയ്ക്ക്**

## കേരളാ ബാങ്കിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ആന്റണി രാജു | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | നബാർഡ് റാങ്കിംഗിൽ കേരള ബാങ്ക് സി-ഗ്രേഡിലേക്ക് താഴ്ന്നത് ബാങ്കിന്റെ പ്രവർത്തനങ്ങളെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അത് തടയുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ; | (എ) | നബാർഡിന്റെ വാർഷിക പരിശോധനയുമായ ബന്ധപ്പെട്ട സാധാരണ നടപടിക്രമ മാത്രമാണ് റേറ്റിംഗിൽ ഉണ്ടായിട്ടുള്ള മാറ്റം. ഇ റേറ്റിംഗ് വ്യത്യാസം 25 ലക്ഷത്തിൽ അധിക വരുന്ന വ്യക്തിഗത വായ്പകളെ മാത്ര ബാധിക്കുകയുള്ളൂ. നിലവിൽ ഇത്തര വായ്പകൾ ബാങ്ക് നൽകിയിട്ടുള്ള ആ വായ്പയുടെ 3 ശതമാനം മാത്രമാണ്. ബാ പ്രധാനമായും ലക്ഷ്യമിടുന്നത് MSME, L Agriculture, സ്വർണ പണയ വായ്പ, ഭവ വായ്പ, സംഘം വായ്പകൾ എന്നിവക്കാണ ഇത്തരം വായ്പകൾക്ക് നബാർഡ് റേറ്റിം ബാധകമല്ലാത്തതിനാൽ ഇപ്പോഴുള്ള റേറ്റിം വ്യത്യാസം ബാങ്കിന്റെ പ്രവർത്തനങ്ങ കാര്യമായി ബാധിക്കുന്നില്ല. 2023-2 സാമ്പത്തിക വർഷത്തിലെ കേരളാ ബാങ്കി ലാഭം 209 കോടി രൂപയാണ്. കേരള ബാങ്കിന്റെ രൂപീകരണത്തിന് ശേഷമുള് ഏറ്റവും വലിയ പ്രവർത്തനലാഭമാണ് ബാ 2023-24 സാമ്പത്തിക വർഷത്തി നേടിയിട്ടുള്ളത്. |
| (ബി) | റിസർവ് ബാങ്കിന്റെ ഭവന വായ്പ സംബന്ധിച്ച പുതിയ വ്യവസ്ഥ പ്രകാരം കേരള ബാങ്കിന് ഉണ്ടാക്കാൻ കഴിയുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (ബി) | നിലവിൽ കേരളാ ബാങ്കിൽ നിന്നും വ്യക്തികൾക്ക് നൽകിവരുന്ന പരമാവധി ഭവന വായ്പയുടെ പരിധി 30 ലക്ഷം രൂപയാണ്. എന്നാൽ 2022 ജൂൺ 8-ാം തിയതി റിസർവ്വ് ബാങ്ക് പുറപ്പെടുവിച്ചിട്ടുള്ള സർക്കുലർ പ്രകാരം ബാങ്കിന് 75 ലക്ഷം രൂപ വരെ ഭവന വായ്പ അനുവദിക്കാവുന്നതാണ്. കേരളാ ബാങ്കിൽ നിന്നും നൽകി വരുന്ന ഭവന വായ്പയുടെ പരിധി 75 ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതോടെ കേരളത്തിലെ വിവിധ വിഭാഗങ്ങളിലുള്ളവർക്കും, സാധാരണക്കാർക്കും അധിക ഭവന വായ്പ അനുവദിക്കുന്നതിനും, അതുവഴി |

| | | | |
|---|---|---|---|
| | | | ബാങ്കിന്റെ ആകെ ബിസിനസിൽ വർദ്ധനവ് ഉണ്ടാക്കുന്നതിനും കഴിയും. |
| (സി) | കേരള ബാങ്കിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി പുതുതായി നടപ്പിലാക്കാൻ തീരുമാനിച്ച വായ്പാ പദ്ധതികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ? | (സി) | കേരളാ ബാങ്കിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ബാങ്കിൽ നിന്നും നിലവിൽ നൽകിവരുന്ന 48 ഇനം വായ്പകൾക്ക് പുറമേ പുതുതായി ധാരാളം വായ്പാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഉത്പാദന സേവന കച്ചവട മേഖലയുമായി ബന്ധപ്പെട്ട് നൽകുന്ന കെ.ബി വ്യാപാർ മിത്ര ലോൺ, കെ.ബി വ്യാപാർ മിത്ര പ്ലസ് ലോൺ, കാർഷിക മേഖലയിൽ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും ഗ്രാമീണ മേഖലയിൽ ബിസിനസ്/തൊഴിൽ വർദ്ധിപ്പിക്കുന്നതിനുമായി യന്ത്രങ്ങൾ/ഉപകരണങ്ങൾ വാങ്ങി ഉപയോഗിക്കുന്നതിനുമായി ബന്ധപ്പെട്ട കെ.ബി മെഷിനറി ലോൺ, തീര ദേശ ജില്ലകളിൽ ചെമ്മീൻ മത്സ്യകൃഷിയുടെ പ്രോത്സാഹനം നൽകുന്നതുമായി ബന്ധപ്പെട്ട വായ്പാ പദ്ധതിയായ കെ.ബി വർക്കിംഗ് ക്യാപ്പിറ്റൽ ലോൺ, മത്സ്യ വിതരണ മേഖലയിൽ പ്രോത്സാഹനം നൽകുന്നതിനായുള്ള കെ.ബി Fish Transport Vehicle Loan, കേരളത്തിലെ ഉൾനാടൻ കായലോര പ്രദേശങ്ങൾ കേന്ദ്രീകരിച്ച് കൂട് മത്സ്യ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള KB- Fish Culture in Floating Cages ലോൺ, ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനും ടൂറിസം പ്രോമോഷനുമായി ബന്ധപ്പെട്ട KB-Home Stay Loan, സ്ഥിര വരുമാനമുള്ള കേന്ദ്ര സംസ്ഥാന സർക്കാർ അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ എയ്ഡഡ് സ്കൂൾ, സർക്കാർ സ്വയംഭരണ സ്ഥാപനങ്ങൾ, 20 ന് മുകളിൽ സ്ഥിരം തൊഴിലാളികളുള്ള സ്വകാര്യ സ്ഥാപനങ്ങൾ/നിശ്ചിത വരുമാനമുള്ള ITR ഫയൽ ചെയ്യുന്ന കർഷകർ അല്ലെങ്കിൽ വ്യവസായ സംരംഭകർ എന്നിവിടങ്ങളിലെ ജിവനക്കാർക്ക് പുതിയ 4 wheeler(കാർ/ജീപ്പ്) വാങ്ങുന്നതിനുള്ള കെ.ബി കാർ ലോൺ എന്നിവ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ